പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 6527 — 09/07/2014 ൽ മറുപടിയ്ക്ക്

## ഇ — വേസ്റ്റ് മാനേജ്മെന്റ്

ചോദ്യം — മറുപടി

**ശ്രീ. പി. കെ. ബഷീർ** — **ശ്രീ. ആര്യാടൻ മുഹമ്മദ്, ഊർജ്ജ വകുപ്പുമന്ത്രി**

(എ) സംസ്ഥാനത്ത് ഇ — മാലിന്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ — വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) ഇ — വേസ്റ്റ് മാനേജ്മെന്റ് സംബന്ധിച്ച് പരിഗണനയിലുള്ള പദ്ധതികളും നിർദ്ദേശങ്ങളും അറിയിക്കുമോ?

(എ) ഉണ്ട്.

(ബി) യും (സി) യും കേന്ദ്രസർക്കാർ 2011 – ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) ചട്ടങ്ങൾ, 2011 പ്രകാരം extended producer responsibility യുടെ അടിസ്ഥാനത്തിൽ ഇ- മാലിന്യം (ഇലക്ട്രിക്/ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉല്പാദനത്തിലും അവയുടെ ഉപയോഗശേഷവുമുള്ളവ) ശേഖരിക്കുന്നതിനും അവ അംഗീകൃത കളക്ഷൻ സെന്റർ / ഡിസ്മാൻലർ/ റീസൈക്കളർക്ക് എത്തുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനും ഇ- ഉല്പന്നങ്ങളുടെ ഉല്പാദകർക്ക് ഉത്തരവാദിത്തമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സൗകര്യങ്ങൾ ഒരുക്കേണ്ടത് ഇ-ഉല്പന്നങ്ങളുടെ ഉല്പാദകർ തന്നെയാണ്. ഇ - മാലിന്യം ഖര മാലിന്യവുമായി കലരാതെ സൂക്ഷിക്കുന്നതിനും ബ്രാൻഡഡ് അല്ലാത്തവയോ അസംബിൾ ചെയ്തതോ ആയ ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത കളക്ഷൻ സെന്റർ/റീസൈക്കിളർ / ഡിസ്മാന്റ്ലർ എന്നിവിടങ്ങളിൽ എത്തിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉത്തരവാദിത്വമുണ്ട്. ഇലക്ട്രിക്കൽ/ ഇലക്ട്രോണിക് ഉൽപാദകരുടെ സാമ്പത്തിക സഹായം ഉപയോഗിച്ച് ഇത്തരത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നതാണ്.

നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഉൽപന്നങ്ങളുടെ ഉൽപാദനം നടക്കുന്നില്ല. ആയതിനാൽ ഇ-ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്ന പ്രധാന ഉൽപ്പാദകരിലൂടെ ഇത് നടപ്പിലാക്കുന്നത് ഏറെ ശ്രമകരമാണ്. ഇത്തരം ഉൽപന്നങ്ങളുടെ ഉൽപാദനം ഇവിടെ നടക്കുന്നില്ലാത്തതിനാൽ ഇത്തരം ഉൽപ്പാദകരെക്കൊണ്ട് മേൽ സംവിധാനങ്ങൾ തയ്യാറാക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇ-

ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിയുന്നത് വാണിജ്യ സംരഭകരിലൂടെയാണ് (Whole sale & Retails shops വഴി). ഇവർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നില്ല. ആയതിനാൽ അവർക്ക് അനുമതി പ്രക്രിയയിലൂടെ ഉപയോഗശേഷമുള്ള ഇ–മാലിന്യം തിരിച്ചെടുക്കുവാനുള്ള സംവിധാനം (take back system) ഏർപ്പെടുത്തിക്കുവാൻ ബോർഡിൽ നിന്നും കഴിയുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയിലൂടെ ഇത് നിഷ്കർഷിക്കുന്നത് ഫലപ്രദമായിരിക്കും. കൂടാതെ ഗാർഹിക ഇ-മാലിന്യ ശേഖരണ സെന്റർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലും സ്ഥാപിക്കേണ്ടതാണ്.

സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യസംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ /ഡിസ്മാന്റലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് ബോർഡിൽ നിന്നും അനുമതി നൽകി വരുന്നു. ഇത്തരത്തിൽ എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട്, പാലക്കാട്; വേണാട് സ്റ്റീൽ കോർപ്പറേഷൻ, വെള്ളായണി, നേമം, തിരുവനന്തപുരം; അൽ-അമീൻ ഇൻഡസ്ട്രീസ്, ആലുവ, എറണാകുളം; കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, അമ്പലമേട്, കൊച്ചി എന്നീ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഇ-മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടത്തി വരുന്നു.

സംസ്ഥാനത്ത് ഇ-മാലിന്യം സംസ്കരിക്കുന്നതിനായി നിലവിൽ സംവിധാനങ്ങൾ ഇല്ല. വീടുകളിൽ നിന്നും മറ്റും ഉണ്ടാകുന്ന ഇ-മാലിന്യം (ബ്രാൻഡഡ് അല്ലാത്ത ഉൽപ്പന്നങ്ങളിൽ നിന്നും) ശേഖരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സംവിധാനം ഒരുക്കേണ്ടതായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ